**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 856** **06-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷന്റെ വനിതാ ശാക്തീകരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | പട്ടികജാതി പട്ടികവർഗ വികസന കോർപ്പറേഷൻ കുടുംബശ്രീ മിഷനുമായി ചേർന്നു നടപ്പാക്കുന്ന വനിതാ ശാക്തീകരണ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (എ) | പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ട വനിതാ അംഗങ്ങൾ മാത്രം ഉൾപ്പെട്ട സ്വാശ്രയ സംഘങ്ങൾക്ക് വരുമാനദായകമായ സൂക്ഷ്മ/ ലഘുസംരംഭങ്ങൾ ആരംഭിക്കുന്നതിനായി ഗ്രൂപ്പ് അടിസ്ഥാനത്തിൽ വായ്പ നൽകുന്ന പദ്ധതിയാണിത്. സംസ്ഥാന സർക്കാർ ദേശീയ പട്ടികജാതി ധനകാര്യ വികസന കോർപ്പറേഷൻ (NSFDC), ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷൻ (NSTFDC) എന്നിവയുടെ പദ്ധതികളായ മഹിളാ സമൃദ്ധി യോജന, ആദിവാസി മഹിളാ സശാക്തീകരൻ യോജന എന്നിയുമായിച്ചേർന്ന് സംസ്ഥാന കുടുംബശ്രീ മിഷന്റെ സഹായത്തോടെ സംസ്ഥാനതല കാര്യനിർവ്വഹണ ഏജൻസിയായ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്. യോഗ്യതാ മാനദണ്ഡങ്ങൾ 1) ഗുണഭോക്താക്കൾ:- പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ട പരമാവധി സ്ത്രീ സംരംഭകർ ഉൾപ്പെട്ടതും കുടുംബശ്രീ വഴി രൂപീകൃതമായതുമായ സ്വയം സഹായസംഘങ്ങൾ അഥവാ അയൽക്കൂട്ടങ്ങൾ ആണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. 2) കുടുംബ വാർഷിക വരുമാന പരിധി :- വായ്പ നൽകാൻ പരിഗണിക്കുന്ന അയൽകൂട്ടത്തിലെ ഓരോ അംഗത്തിന്റെയും കുടുംബ വാർഷിക വരുമാന പരിധി 3 ലക്ഷം രൂപയാണ്. ഇത് ഉറപ്പുവരുത്താനായി ഓരോ അംഗത്തിന്റെയും വരുമാന സർട്ടിഫിക്കറ്റ് പരിശോധിക്കുന്നതാണ്. 3) അംഗങ്ങളുടെ പ്രായപരിധി:- അംഗങ്ങളുടെ പ്രായപരിധി 18 നും 55 വയസ്സിനുമിടയിൽ ആയിരിക്കണം. 4) ജാതി:- ഒരു സ്വയംസഹായ സംഘത്തിലെ/ അയൽകൂട്ടത്തിലെ അംഗങ്ങളിൽ കുറഞ്ഞത് 80% പേർ എങ്കിലും പട്ടികജാതി/ |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്നവരായിരിക്കണം. സംഘത്തിലെ ഓരോ അംഗത്തിന്റേയും ജാതി സർട്ടിഫിക്കറ്റ് പരിശോധിച്ച് ജാതി ഉറപ്പു വരുത്തേണ്ടതാണ്. 5) അംഗങ്ങളുടെ എണ്ണം:- ഒരു സ്വയം സഹായ സംഘത്തിലെ അംഗങ്ങളുടെ കുറഞ്ഞ എണ്ണം 5 ഉം കൂടിയ എണ്ണം 20 ഉം ആണ്. ജാമ്യ വ്യവസ്ഥ 6) സ്വയംസഹായ സംഘം വായ്പ ഉപയോഗിച്ച് ആർജ്ജിക്കുന്ന ആസ്തിയുടെ ഈടിന്മേൽ ആണ് വായ്പ അനുവദിക്കുന്നത്. മറ്റു ഉദ്യോഗസ്ഥ ജാമ്യമോ വസ്തു ജാമ്യമോ ഹാജരാക്കേണ്ടതില്ല. 7) ഗ്രേഡിംഗ്:- സംസ്ഥാന കുടുംബശ്രീ മിഷൻ വഴി തൃപ്തികരമായി ഗ്രേഡിംഗ് കഴിഞ്ഞ സ്വയം സഹായ സംഘങ്ങളെ മാത്രമേ കോർപ്പറേഷൻ വായ്പ നൽകുന്നതിന് പരിഗണിക്കുകയുള്ളൂ. 8) തിരിച്ചടവ് കാലയളവ്:- വായ്പയുടെ തിരിച്ചടവ് കാലാവധി പട്ടികജാതിയിൽ പ്പെട്ടവരുടെ സംഘങ്ങൾക്ക് 3 വർഷവും പട്ടികവർഗ്ഗത്തിൽപ്പെട്ടവരുടെ സംഘങ്ങൾക്ക് 4 വർഷവും ആയിരിക്കും. 9) പലിശനിരക്ക്:- വായ്പയുടെ പലിശ നിരക്ക് 5% ആണ്. 10) വായ്പാ നിബന്ധനകൾ പ്രകാരം ആവശ്യമായ മറ്റു രേഖകളും അപേക്ഷകൻ ഹാജരാക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ